A

വിദ്യാഭ്യാസ അവകാശം
സർവ ശിക്ഷാ അഭിയാൻ

702

# പാദവാർഷിക മൂല്യനിർണയം 2017–18

## മലയാളം

സ്റ്റാൻഡേർഡ് –7 | കേരളപാഠാവലി | സമയം –2 മണിക്കൂർ

**നിർദേശങ്ങൾ**

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കേണ്ടതാണ്.

2. ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം.

### പ്രവർത്തനം 1 – വിശകലനക്കുറിപ്പ്

**എ.** നാം നിസ്സാരമായി കരുതുന്ന വസ്തുക്കളും മററുള്ളവർക്ക് വിലപ്പെട്ടതായി തീരാം അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ എന്ന പാഠഭാഗത്തിൽ ഈ ആശയം പ്രകടമാവുന്ന ഒരു സന്ദർഭമുണ്ട്. ആ സന്ദർഭത്തെ **വിശകലനം ചെയ്ത് കുറിപ്പ്** തയാറാക്കുക.

**ബി.** സിംലയുടെ ഭായ് ഡൽഹിയിലേക്ക് പോകാൻ കാരണമെന്ത്?
(നാട്ടിൽ കൂലി കുറവായതുകൊണ്ട്, ഡൽഹി കാണാൻ, ചങ്ങാതിയെ കാണാൻ)

### പ്രവർത്തനം 2 – ആസ്വാദനക്കുറിപ്പ്

**എ.** ഒ.എൻ.വി കൊന്നയെക്കുറിച്ച് ഇങ്ങനെയെഴുതുന്നു.

“എങ്കിലുമീക്കണിക്കൊന്നയെന്തിനിന്നും പൂത്തൂ?
മണ്ണിലുണ്ടോ നന്മകൾതൻ തുള്ളികൾ വറ്റാതെ?”

അയ്യപ്പപണിക്കർ എഴുതിയ ഒരു കവിത നാം പഠിച്ചല്ലോ. പ്രൊഫസർ വി. മധുസൂദനൻ നായരുടെ, താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ഒരു **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.

വിഷുവെനിക്കെന്നും വിലപ്പെട്ടവൾ, കൈയി-
ലൊഴിയാതെ പൊത്തിപ്പിടിച്ചിരിപ്പോൾ,
നിറമഞ്ഞുപൂക്കും പുലർച്ചയ്ക്കു വന്നെന്റെ
കരളിൽക്കുടഞ്ഞ കിളുന്നു പൂക്കൾ,
അണിയുന്ന കിങ്ങിണിത്തളകൾ, മഞ്ഞത്തുകിൽ,
മണിമോതിരം, സ്വർണവേണുനാളം
ചെറുചിത്തിരപ്പൂള്ളു മൂളുന്ന വേനലിൻ
കെറുവും കിനാവും കുറുമ്പുപാട്ടും
ഇളയ മാങ്കൊമ്പത്തു ഞാലുന്ന കൗമാര-
വെയിലിന്റെ ചേലയും ചാന്തുപൊട്ടും
ഇനി വരും മേടത്തിലൊന്നിച്ചു പൂക്കുമെ-
ന്നിരവിലും കോർക്കും വിഷുക്കിനാവും.

| | |
|---|---|
| തുകിൽ | -വസ്ത്രം |
| വേണു | -ഓടക്കുഴൽ |
| കെറുവ് | -പിണക്കം |

*(സംക്രമം)* *(പ്രൊഫ. വി. മധുസൂദനൻ നായർ)*

**ബി.** പുലർച്ച, കുളിർ, കാറ്റ് എന്നീ പദങ്ങൾ ചേരുമ്പോഴാണ് പുലർച്ചക്കുളിർകാറ്റ് എന്നാവുന്നത്. അങ്ങനെയാണെങ്കിൽ വിഷുക്കാലമെത്തി എന്ന പദത്തിൽ ഏതൊക്കെ പദങ്ങൾ ഉൾപ്പെടുന്നു?

**പ്രവർത്തനം 3 - ഉപന്യാസ രചന**

**എ.** ലളിത ജീവിതവും ഉയർന്ന ചിന്തയും മഹാൻമാരുടെ മുഖമുദ്രയാണ് - 'കൈയെത്താദൂരത്ത്' എന്ന ലേഖനത്തിൽ ഗാന്ധിജി, ശ്രീനാരായണഗുരു എന്നിവരുടെ ജീവിതത്തെ മുൻനിർത്തി ഈ അഭിപ്രായം വിലയിരുത്തുക - ഒരു പുറത്തിൽ ഉപന്യാസം എഴുതുക.

**ബി.** 'നിറകുടം തുളുമ്പില്ല' ഈ പഴഞ്ചൊല്ല് വ്യക്തമാക്കുന്ന ആശയം ഏതാണ്?

- കുടത്തിന് നിറഞ്ഞാൽപ്പിന്നെ തുളുമ്പാൻ പററില്ല.
- നിറയാത്ത കുടം എപ്പോഴും തുളുമ്പും.
- നിറഞ്ഞ അറിവുള്ളവർ ഉചിതമായേ പ്രതികരിക്കൂ.
- നന്നായി നിറഞ്ഞാൽ എപ്പോഴും തുളുമ്പും.

**പ്രവർത്തനം 4 - കഥാപാത്ര നിരൂപണം**

**എ.** ചന്ദ്രേട്ടൻ പോയപ്പോഴാണ് ഒന്ന് ശ്വാസം നേരെ വീണത്. അയാൾ ശരിക്കും കള്ളനായിരുന്നോ? രേഖ ഇങ്ങനെ സംശയിക്കാൻ കാരണമെന്ത്? ഇതു തന്നെയാണോ ജഗന്റെ അഭിപ്രായവും? കള്ളൻ എന്നു വിളിക്കപ്പെട്ട ചന്ദ്രേട്ടൻെറ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി **കഥാപാത്ര നിരൂപണം** തയാറാക്കുക.

**ബി.** '<u>തെളിഞ്ഞ</u> വെള്ളത്തിൽ തവളകൾ ചാടിമറഞ്ഞു'. അടിവരയിട്ട പദത്തിന് പകരം മറ്റൊരു വിശേഷണപദം ചേർത്തെഴുതുക.

**പ്രവർത്തനം 5 - യാത്രാവിവരണം**

> 1940 ൽ ദൽഹിയിൽ താമസിച്ചിരുന്ന കാലത്ത് ഞാൻ രണ്ടു മൂന്നു തവണ കുത്തബ്മിനാർ സന്ദർശിക്കയുണ്ടായിട്ടുണ്ട്. ആ മനോഹരഗോപുരവും പരിസരവും മനസ്സിൽ നിന്ന് മായ്ക്കാൻ കഴിയുന്നില്ല. ഒരു സൈക്കിൾ വാടകയ്ക്കെടുത്ത് ദൽഹിയിലെ കുഗ്രാമങ്ങളിലൂടെ സഞ്ചരിച്ച് ഉച്ചയോടുകൂടി ഞാൻ കുത്തബ്മീനാറിൽ ചെന്നുചേരും. അടുത്തുള്ള ഏതെങ്കിലും ഒരു മുസ്ലീം കടയിൽ നിന്നു ചപ്പാത്തിയും കിഴങ്ങ് കറിയും വാങ്ങിക്കഴിച്ച് മീനാറിന്റെ മുമ്പിലെ പൂങ്കാവനത്തിൽ കുറച്ച് നേരം വിശ്രമിച്ച് പിന്നെ ഗോപുരത്തിന്റെ പടവുകൾ കയറി ഒത്തമുകളിൽ ചെന്നിരിക്കും. ആ ഇരുമ്പ് വേലിയുടെ ദണ്ഡും പിടിച്ചുകൊണ്ട് അകലെ ചുറ്റുപാടും ഒന്ന് കണ്ണോടിക്കുമ്പോൾ സ്വപ്ന തുല്യമായ ഒരു കാഴ്ച ലഭിക്കും.
>
> *(സഞ്ചാരസാഹിത്യം)* *(എസ്. കെ. പൊറ്റക്കാട്)*

**എ.** എസ്. കെ പൊറ്റക്കാട് കുത്തബ്മിനാർ സന്ദർശിച്ചപ്പോൾ എഴുതിയ യാത്രാവിവരണത്തിന്റെ ചെറിയൊരുഭാഗം പരിചയപ്പെട്ടല്ലോ. നിങ്ങൾ നടത്തിയ ഏതെങ്കിലും ഒരു യാത്രയെക്കുറിച്ച് വിവരണം തയ്യാറാക്കുക. അനുയോജ്യമായ തലക്കെട്ട് നൽകുമല്ലോ.

**ബി.** താഴെകൊടുത്തിരിക്കുന്നതിൽ യാത്രാവിവരണ ഗ്രന്ഥം ഏത്?

- ഒരു ദേശത്തിന്റെ കഥ
- ഹിമവാന്റെ മുകൾത്തട്ടിൽ
- മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

**പ്രവർത്തനം 6 - ഡയറിക്കുറിപ്പ്**

ലളിതാംബിക അന്തർജ്ജനം തന്റെ ചെറുപ്പകാലത്ത് ശ്രീനാരായണ ഗുരുവിനെ കണ്ടകാര്യം വിവരിച്ചത് വായിച്ചുവല്ലോ? ആ ദിവസം അവർ എഴുതാനിടയുള്ള ഡയറിക്കുറിപ്പ് തയാറാക്കുക